നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്

മത്തായി 5:14

# വിചിന്തനം

ജൂലൈ 2023

തനിക്കുചുറ്റും തടിച്ചുകൂടിയ വലിയ ജനക്കൂട്ടത്തോട് ഏറ്റവും വ്യക്തമായ ഭാഷയിൽ യേശു പ്രഖ്യാപിച്ചു 'നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്'. അവർ ജീവിച്ചിരുന്ന ലോകത്തു നിറഞ്ഞിരിക്കുന്ന അന്ധകാരത്തെ ഇല്ലായ്മ ചെയ്യാനുള്ള അവരുടെ വിളിയിലേക്കുള്ള ഉണർത്തുപാട്ടായിരുന്നു യേശുവിന്റെ ഈ പ്രഖ്യാപനം.

മലയിലെ പ്രസംഗം യേശു മുന്നോട്ടുവയ്ക്കുന്ന ആനന്ദ നിർഭരമായ ജീവിതശൈലിയെക്കുറിച്ചുള്ള നയപ്രഖ്യാപനമാണ്. അവന്റെ കേൾവിക്കാർ ജീവിതത്തിന്റെ നാനാ തുറകളിൽനിന്നുള്ളവരായിരുന്നു.
വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളുള്ളവർ! എങ്ങനെയാണ് അവർക്കു ലോകത്തിന്റെ വെളിച്ചമാകാൻ കഴിയുന്നത്? മറ്റാരും അവരിൽ കാണാത്ത എന്തോ ഒന്ന് യേശു അവരിൽ കണ്ടു. മറ്റൊരു സന്ദർഭത്തിൽ അവൻ പറയുന്നത് ഇങ്ങനെയാണ്'' ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും.''(യോഹ 8, 12) ആത്മാർഥമായി തന്നെ അനുഗമിക്കുന്ന എല്ലാവരും ലോകത്തെ പ്രകാശിപ്പിക്കുന്ന വെളിച്ചമായി മാറുമെന്നാണ് യേശുവിന്റെ വാഗ്ദാനം.

സുവിശേഷ ഭാഗ്യങ്ങൾ കേൾക്കുകയും അവനെ അനുഗമിക്കാൻ തീരുമാനിക്കുകയും ചെയ്തവരെല്ലാം യഥാർഥത്തിൽ രക്ഷയും പ്രത്യാശയും നൽകുന്ന പ്രകാശമായി മാറുകയും ചെയ്തു.
യേശു ഇന്ന് നാം ഓരോരുത്തരോടും വ്യക്തിപരമായി സംസാരിക്കുകയാണ്. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണെന്ന് അവിടുന്ന് നമ്മോടു പറയുന്നു. നമ്മുടെ വിജയങ്ങളോ തോൽവികളോ, കരുത്തോ ദൗർബല്യമോ ഒന്നും പരിഗണിക്കാതെ അവൻ നമ്മെ വിളിക്കുന്നു. കുടുംബങ്ങളിൽ, ജോലി സ്ഥലങ്ങളിൽ, ഇടവകയിൽ, സൗഹൃദങ്ങളിൽ, കൂട്ടായ്മകളിൽ എന്നുവേണ്ട അവൻ നമ്മെ അയയ്ക്കുന്ന ഇടങ്ങളിലെല്ലാം അവന്റെ പ്രകാശമാകാനാണ് ഈ വിളി. നാം അവനെ പൂർണ്ണമനസ്സോടെ , പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിന്തുടരുമ്പോൾ അവന്റെ വചനം നമ്മുടെയുള്ളിൽ പ്രകാശമായി തെളിയും. നമ്മുടെയുള്ളിൽ ഈ വലിയ സാധ്യതയെ അവൻ കാണുന്നുണ്ട്. നാം അതു തിരിച്ചറിയുന്നുണ്ടോ എന്നതാണു ചോദ്യം.

വി. പൗലോസ് പറയുന്നു, ''ഒരിക്കൽ നിങ്ങൾ അന്ധകാരമായിരുന്നു. ഇന്നു നിങ്ങൾ കർത്താവിൽ പ്രകാശമായിരിക്കുന്നു. പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ''. (എഫേ 5,8-9) നാം യേശുവിന് കൂടുതൽ അനുരൂപരാകാൻ മുന്നേറ്റത്തിന്റെ ജീവിതശൈലിയായ സ്തൂപങ്ങളെ ആത്മാർഥതയോടെ പുൽകേണ്ട ആവശ്യകതയിലേക്കാണ് ഈ വചനം വിരൽചൂണ്ടുന്നത്. വി. ക്രോമേഷ്യസിന്റെ മൊഴികൾ അർഥവത്താണ്. ''പ്രകാശത്തിൽ ജീവിക്കുവാൻ നാം പരാജയപ്പെടുകയാണെങ്കിൽ മനുഷ്യർക്ക് അത്യന്താവശ്യമായ പ്രകാശത്തെ നാം മറയ്ക്കുകയും ആവരണം ചെയ്യുകയും ചെയ്യുന്നതുവഴി നമ്മുടെയും മറ്റുള്ളവരുടെയും ശിക്ഷാവിധിക്കു നാം വഴി തെളിക്കുന്നു''. നാം ലോകത്തിന്റെ പ്രകാശമായി മാറുകയാണോ അതോ ലോകത്തെ പ്രകാശിപ്പിക്കുന്നതിൽ പരാജയപ്പെടുകയാണോ?

മലയിലെ പ്രസംഗത്തിൽ യേശു മലമുകളിൽ പണിയപ്പെട്ട ഒരു നഗരത്തെക്കുറിച്ചും പറയുന്നുണ്ട്. ഈ നഗരത്തെ മറച്ചുവയ്ക്കാനാകില്ല. അവിടെനിന്നുള്ള പ്രകാശം ചുറ്റുമുള്ള പ്രദേശങ്ങളെ പ്രകാശിപ്പിക്കുകയും ഇരുട്ടിൽ നടക്കുന്നവരെ വഴിനയിക്കുകയും ചെയ്യുന്നു. ജീസസ് യൂത്ത് മുന്നേറ്റവും ഇതുപോലെ ലോകത്തിനു പ്രകാശം പകരുന്ന മലമുകളിലെ നഗരമാകാൻ വിളിക്കപ്പെട്ടിരിക്കുകയാണ്. ഒരു നഗരത്തിന്റെ വെളിച്ചം അതിലെ ഓരോ വീട്ടിലെയും വെളിച്ചത്തെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ വീടുകളുടെ വലുപ്പവും ഭംഗിയുമെല്ലാം അന്ധകാരത്തിൽ അപ്രസക്തമാണുതാനും. ഇതുപോലെ ഓരോ ജീസസ് യൂത്തും ക്രിസ്തുവിന്റെ യഥാർഥ മിഷനറിയായി പ്രശോഭിക്കുമ്പോൾ ലോകത്തിനു വെളിച്ചം പകരുന്ന പ്രകാശഗോപുരമായി ഈ മുന്നേറ്റം മാറും. നമ്മുടെ വിളക്കുകളിൽ പരിശുദ്ധാത്മാവാകുന്ന എണ്ണ നിറയണം. ക്രിസ്തുവിനെ പിൻചെല്ലാനുള്ള നമ്മുടെ സന്നദ്ധതയാണ് ഈ വിളക്കിലെ 'തിരി' എന്നു മറക്കാതിരിക്കാം. ലോകത്തിന്റെ വെളിച്ചമാകാനുള്ള ക്രിസ്തുവിന്റെ വിളിയോട് നാം പ്രത്യുത്തരിക്കുമ്പോൾ നമ്മുടെ ജീവിതങ്ങൾ എത്രയോ അർഥപൂർണവും

മനോഹരവുമായി മാറുകയാണ്! വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ, ''ചെറിയൊരു തീനാളം പോലും രാത്രിയുടെ ആവരണത്തെ പകുത്തുമാറ്റുന്നുവെങ്കിൽ സഭയുടെ കൂട്ടായ്മയിൽ നാം ഒന്നിച്ചുനിന്നാൽ എത്രയോ ഉജ്വലമായ പ്രകാശമായിരിക്കും നമുക്ക് സൃഷ്ടിക്കാൻ കഴിയുക!

വിശുദ്ധരെല്ലാം ഈ വിളിക്ക് ഉത്തരം നൽകിയവരാണ്. അവരുടെ ജീവിത മാതൃകയിലൂടെ ഇന്നും അവർ പ്രകാശം പരത്തുന്നു''. ജീസസ് യൂത്ത് എന്ന നിലയിൽ നമുക്കും ഈ വിളിക്ക് ഉത്തരം നൽകാം.
നാം ആയിരിക്കുന്ന സ്ഥലത്ത് നമ്മുടെ വിളക്കുകൾ തെളിച്ചുവയ്ക്കാം. നമ്മുടെ കൂട്ടായ്മകളെ മലമുകളിൽ പ്രകാശം ചൊരിയുന്ന നഗരമാക്കി മാറ്റാം. നമ്മുടെ അമ്മയും സന്തോഷത്തിന്റെ കാരണവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥം തേടാം. ലോകത്തിന്റെ വെളിച്ചമാകാനുള്ള വിളി ധൈര്യപൂർവം ഏറ്റെടുത്തുമുന്നേറാൻ പരിശുദ്ധാത്മാവ് എപ്പോഴും നമ്മെ സഹായിക്കട്ടെ.

ഫെലിക്സ് റോയ് ഡേവിഡ്

---

ഐടി പ്രോജക്ട് മാനേജരായ റോയ് ഭാര്യ സബീനയ്ക്കും മൂന്ന് കുട്ടികൾക്കുമൊപ്പം കാനഡയിലെ ആൽബർട്ടയിലാണ് താമസിക്കുന്നത്. ജീസസ് യൂത്ത് ഫോർമേഷൻ സ്റ്റഡി ഗ്രൂപ്പുകളുടെ കോർഡിനേറ്ററാണ്.